# റിയലിസം

കുറ്റിപ്പുഴ കൃഷ്ണപിള്ള



റിയലിസം

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTEX from TEXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Skylark, a painting by David Cox Jr. (1809–1885). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# റിയലിസം

പാശ്ചാത്യരാജ്യങ്ങളിൽ പ്രഭുശക്തിയുടഞ്ഞുതകർന്നു ജനശക്തി തലപൊക്കാൻ തുടങ്ങിയതോടൊപ്പം സാഹിത്യത്തിലും തദനുരൂപമായ പരിണാമമുണ്ടായി. അതു വരെ തഴച്ചുനിന്ന റൊമാന്റിക് പ്രസ്ഥാനത്തിനുടവുതട്ടി; റിയലിസ്റ്റിക് പ്രസ്ഥാനം മുളച്ചുപൊന്തി. കൃത്രിമങ്ങളായ സാമൂഹ്യവ്യവസ്ഥകൾക്കുള്ളിൽ ജീവിതയാഥാർത്ഥ്യങ്ങളെ ഒളിച്ചുവെച്ചു പുറമെ ശുദ്ധിയും ഔന്നത്യവും നടിച്ചു ജനതതിയെ വഞ്ചിക്കുന്ന സമ്പ്രദായത്തിനു നിൽക്കക്കള്ളിയില്ലാതായി. ഒന്നും ഒളിച്ചുവെയ്ക്കരുത്; എല്ലാം നേരെ നോക്കിക്കാണണമെന്ന മനോഭാവം കലാകാരന്മാരും കൈകൊണ്ടു.




ടോൾസ്റ്റോയി

ചുരുക്കത്തിൽ കല യാഥാർത്ഥ്യങ്ങളെ അടച്ചുപൂട്ടിയിടുന്ന കലവറയാകരുത്; കമനീയതയോടെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാകണമെന്ന നിലവന്നു. ഏതു സാഹിത്യത്തിലും സത്യമാണു പ്രധാന നായകനെന്ന് (Truth is the main hero in any literature) ടോൾസ്റ്റോയിയെക്കൊണ്ടു പറയിച്ചതും ഈ വാദമാണ്. വിപ്ലവംകൊണ്ടു കീഴ്മേൽ മറിഞ്ഞ ഫ്രാൻസിലാണ് ഈ സാഹിത്യപരിവർത്തനം ആദ്യം സംഭവിച്ചത്. റഷ്യയിൽ ഗോഗോളും ഫ്രാൻസിൽ ഫ്ളാബർട്ടും റിയലിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രഥമാവതാരകരെന്ന നിലയിൽ പ്രശസ്തി നേടി. ഇന്ന് എല്ലാ രാജ്യങ്ങളിലും സാഹിത്യപുരോഗതി ഈ വഴിക്കു തിരിഞ്ഞിരിക്കുന്നു.



ഗോഗോൾ

റിയിലിസ്റ്റ് സാഹിത്യത്തെപ്പറ്റി രൂക്ഷാക്ഷേപങ്ങൾ പലരും പുറപ്പെടുവിക്കാറുണ്ട്. ഏതു പ്രസ്ഥാനവും വളർന്നുവരുമ്പോൾ കുറെയൊക്കെ ദോഷസ്പൃഷ്ടമാകുന്നതു പോലെ ഇതും ചിലപ്പോൾ വഴിപിഴച്ചു പോകുന്നുണ്ടാകാം. അതുകൊണ്ട് ആ പ്രസ്ഥാനംതന്നെ പരിത്യാജ്യമെന്നോ അനാദരണീയമെന്നോ വരുന്നതല്ല. ജീവിതത്തിലെ നഗ്നയാഥാർത്ഥ്യങ്ങൾ സാഹിത്യത്തിൽ ചിത്രീകരിക്കേണ്ടവതന്നെയാണ്. അതു കലാഭംഗിയോടെ നിർവ്വഹിക്കണമെന്നേ നിർബന്ധമുള്ളൂ. മൂടുപടമിടാതെ ജീവിതം പ്രതിപാദ്യമാക്കുന്നുവെന്നതു കൊണ്ടുമാത്രം പ്രസ്തുതരീതി ആക്ഷേപാർഹമായി ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അവരുടെ ദൂഷിച്ച മാനസികപാരമ്പര്യത്തെയാണ് അതിനു കുറ്റപ്പെടുത്തേണ്ടത്. ജീവിതത്തിന്റെ ലൈംഗികവശം അനാവൃതമാകുമ്പോൾ ക്ഷോഭിച്ചു ശകാരം ചൊരിയുന്ന ചില അതിസന്മാർഗ്ഗവാദികളുണ്ടല്ലോ നമ്മുടെയിടയിൽ. ഈ ക്ഷോഭത്തിന്റെ അടിയിൽ കിടക്കുന്ന 'സൈക്കോളജി' രസകരമാണ്. സ്വന്തം കുഞ്ഞിനെ പൊക്കിക്കാണിക്കുന്ന മേനകയുടെ മുമ്പിൽ മുഖം തിരിച്ചുപിടിച്ചു വെറുപ്പു നടിച്ചു നില്ക്കുന്ന വിശ്വാമിത്രന്റെ ഒരു ചിത്രം കണ്ടിട്ടില്ലേ? അതുപോലെ കുറ്റംചെയ്ത മനഃസാക്ഷിയുടെ സൂക്ഷിപ്പുകാരാണു മിക്ക മനുഷ്യരും. അവരുടെ രഹസ്യജീവിതത്തിന്റെ അനിഷ്ടഫലങ്ങളുടെ നേരെ നോക്കാനാവർക്കൊരു മടി—അവയുടെ ഉത്തരവാദിത്വമേല്ക്കാനൊരു ഭയം. നമ്മെയെല്ലാവരെയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബാധിച്ചിരിക്കുന്ന ഈ അന്തകരണഭീരുതയുടെ നേരെ പൊക്കിപ്പിടിച്ചിരിക്കുന്ന കണ്ണാടിയാണ് റിയലിസ്റ്റ് സാഹിത്യം. മർക്കടം കണ്ണാടിയിൽ സ്വന്തരൂപം കണ്ട് ഇളകിത്തുള്ളുന്നതുപോലെ നമ്മളും അത്തരം സാഹിത്യകൃതികൾ വായിച്ചു ക്ഷോഭിച്ചുപോകുന്നു. അധികം ക്ഷോഭിക്കുന്നവരെ കൂടുതൽ സൂക്ഷിക്കണം. അവരുടെ മാനസികാരോഗ്യം കുറെയേറെ താറുമാറായിക്കാണും.



ഫ്ളാബർട്ട്

ഫ്ളാബർട്ടിന്റെ പ്രസിദ്ധകൃതിയായ 'മാഡം ബൗറി' പുറത്തുവന്നപ്പോൾ അന്നത്തെ ഫ്രഞ്ചുഗവൺമെന്റ് ക്ഷോഭിച്ചു ഗ്രന്ഥകാരനെ 'പ്രോസിക്യൂട്ട്' ചെയ്തു. ഫ്രാൻസിലെ ബൂർഷ്വാജനതയുടെ ദുഷ്ടമായ ലൈംഗികജീവിതത്തിന്റെ നേരെയുള്ള കടുത്ത അവഹേളനമാണീ നോവൽ. ഭർത്താവിനെ വഞ്ചിക്കുന്ന അതിലെ നായികയും അവളുടെ കാമുകരും അന്നത്തെ ഭരണാധികാരികളുൾപ്പെടെയുള്ള ജനസമുദായത്തിന്റെ പ്രതിനിധികളാണ്. ആ നിലയ്ക്ക് അവർ കോപാവിഷ്ടരായതിൽ അത്ഭുതപ്പെടാനുണ്ടോ? ശുദ്ധവും സ്വാഭാവികവുമായ ഒരു ലൈംഗികജീവിതം ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ ആർക്കും സാദ്ധ്യമാകുന്നില്ല.

'പ്രണയമെന്ന ആ ചെറിയ വാക്കിൽ നിറഞ്ഞിരിക്കുന്നിടത്തോളം നുണയും ചതിയും ഇന്നു മറ്റൊരു വാക്കിലുമില്ല.' (No word is full of falsehood and fraud as the word love has become today) എന്ന് ഇബ്സൻ പറഞ്ഞിരിക്കുന്നു.



ഇബ്സൻ

അജ്ഞത, അന്ധാചാരം, ഭീഷണി, വിലക്ക് (Taboo) കൃത്രിമസന്മാർഗ്ഗം മുതലായവകൊണ്ടു വികാരങ്ങൾ അടിച്ചമർത്തപ്പെട്ട് അസ്വാഭാവികവും അശുദ്ധവുമായിത്തീർന്ന ബൂർഷ്വാജീവിതത്തിലെ പ്രണയസ്വഭാവമാണിത്. മനുഷ്യരുടെ ലൈംഗിക ജീവിതത്തിനും അവരെ വലയംചെയ്യുന്ന സാമൂഹ്യസാമ്പത്തികവ്യവസ്ഥകൾക്കും തമ്മിൽ ഗണ്യമായ ബന്ധമുണ്ട്. വഞ്ചനയും ശങ്കാവിഷവും നിറഞ്ഞ ചൂഷണഭീഷണമായൊരു സാമൂഹ്യവ്യവസ്ഥയിൽ ജീവിക്കുന്നവരുടെ സ്നേഹോദിതഭാവങ്ങൾ പോലും ഭൂഷിതഭ്രഷ്ടങ്ങളാകും. 'സ്വയമശുദ്ധഃ പരാനാശങ്കതേ' എന്ന മട്ടിൽ പരസ്പരം അവിശ്വസിച്ചും കുറ്റപ്പെടുത്തിയും സ്വയം കുറ്റംചെയ്തും കുടുംബജീവിതത്തെ കലുഷിതമാക്കും. ഡോക്ടർ ശസ്ത്രക്രിയ ചെയ്യുന്നതുപോലെ ഈ ജീവിതവ്രണങ്ങളെല്ലാം കീറിമുറിച്ചു തുറന്നിടുകയാണ് ഒരു റിയലിസ്റ്റ് സാഹിത്യകാരൻ ചെയ്യുന്നത്. അതാവശ്യവുമാണ്. എന്നാൽ മാത്രമേ അവയിൽ കെട്ടിക്കിടക്കുന്ന അഴുക്കെല്ലാം പുറത്തുപോകയുള്ളൂ. സത്യസ്ഥിതി കാണാതെ ഒട്ടകപ്പക്ഷിയെപ്പോലെ ജീവിക്കുന്ന അതിസന്മാർഗ്ഗവാദികളിൽ മുന്നിട്ടുനില്ക്കുന്ന ഒന്നത്രേ 'ഇമ്പ്യൂരിറ്റി കോംപ്ലെക്സ്' (Impurity Complex) എന്നു പറയുന്ന ഒരുതരം അശുദ്ധിമനോബാധ. 'Purity in the sense of ignorance and suppressed curiosity is a highly dangerous state of mind. And such purity in alliance with prudery and defensive hypocrisy makes any honest discussion or essential readjustment of out institutions and habits extremely difficult' എന്നിങ്ങനെ ഒരു ശാസ്ത്രജ്ഞൻ ചൂണ്ടിക്കാണിച്ചിട്ടുള്ള വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനും ഉത്തമമായ റിയലിസ്റ്റ് സാഹിത്യം ഒട്ടേറെ ഉപകരിക്കും.

പട്ടിണിയും കഷ്ടപ്പാടും മാത്രം കാവ്യവിഷയമാക്കുന്നുവെന്നതു മറ്റൊരാക്ഷേപമായി കേൾക്കാറുണ്ട്. ജീവിതത്തിനു വേറൊരു വശമില്ലേയെന്ന് ആക്ഷേപകരുടെ പ്രധാന ചോദ്യം. പക്ഷേ, ഈ വേറൊരു വശം കാണാൻ വയ്യാത്തവിധം എതിർവശത്തെ ഇരുട്ടുകേറി കണ്ണിൽ കത്തുന്നുണ്ടെന്ന കാര്യം അവരോർക്കുന്നില്ല. ഭോഗസമൃദ്ധിയും ശൃംഗാരത്തിളപ്പും ഓളംതല്ലുന്ന പ്രാചീനസാഹിത്യം ആസ്വദിച്ചാസ്വദിച്ചുണ്ടായ പാരമ്പര്യത്തിൽനിന്നു പുറപ്പെടുന്നൊരു ചോദ്യമാകാമിത്. ദാരിദ്ര്യം—അതല്ലേ ഇന്നത്തെ ജീവിതയാഥാർത്ഥ്യങ്ങളിൽ ഒന്നാമത്തേത്?—ജീവിതദുഃഖങ്ങളിലേറ്റവും കഠിനം? എവിടെ നോക്കിയാലും കാണുന്നത് അതിന്റെ കരിനിഴലുകളാണെങ്കിൽ കണ്ണും കരളുമുള്ള ഒരു കവി അതല്ലാതെ മറ്റെന്തു പ്രതിപാദിക്കും? പ്രതിപാദനം നന്നായിട്ടില്ലെങ്കിൽ കുറ്റം പറയേണ്ടതുതന്നെ. അതു സമ്മതിക്കാം. ജീവിതവൃക്ഷത്തിൽ അങ്ങിങ്ങായി കാണുന്ന ചില പൂക്കൾ നോക്കി ആഹ്ളാദംകൊള്ളുകയും ആമൂലാഗ്രം ബാധിച്ചിട്ടുള്ള ഇത്തിക്കണ്ണികൾ കാണാതിരിക്കുകയും ചെയ്യുന്ന ഒരു കവിയെ ഇന്നാരും ഒരു സാമൂഹ്യജീവിയായി എണ്ണുമെന്നു തോന്നുന്നില്ല.



സ്വാമി വിവേകാനന്ദൻ

'വിശപ്പും പട്ടിണിയുംകൊണ്ടു വലയുന്നൊരു രാജ്യമാണ് ഇൻഡ്യ. സത്യത്തേയും ദൈവത്തേയും ജീവിതത്തിലെ മറ്റുപല വിശേഷസംഗതികളേയും പറ്റി ബഹുലക്ഷം പട്ടിണിപ്പാവങ്ങളുടെ മുമ്പിൽ പ്രസംഗിക്കുകയെന്നതു വെറും പരിഹാസം തന്നെയാണ്' എന്നു ജവഹർലാൽ, സയൻസ് കോൺഗ്രസ്സ് ഉൽഘാടനം ചെയ്തപ്പോൾ പ്രസ്താവിച്ചതു കവികളും ചെവിക്കൊള്ളേണ്ടതാകുന്നു. മതാചാര്യന്മാർ, രാഷ്ട്രീയ നേതാക്കൾ, ഭരണാധികാരികൾ, കവികൾ, കലാകാരന്മാർ—എന്നുവേണ്ട മനുഷ്യസേവനോത്സുകരമായ സകലരുടേയും ഇന്നത്തെ കർത്തവ്യം പട്ടിണികൊണ്ടുള്ള ജീവിതയാതനയുടെ നിവാരണമല്ലാതെ മറ്റെന്താണ്? 'എന്റെ നാട്ടിൽ വിശപ്പുകൊണ്ടു വലയുന്ന ഒരു പട്ടിപോലും ഉള്ള കാലത്തോളം അതിനാഹാരം കൊടുക്കുകയെന്നതായിരിക്കും എന്റെ ഏകമതം.' (So long as there should be a famished dog in my country, to feed it, would be my only religion) എന്നു സ്വാമി വിവേകാനന്ദൻ പറയുകയുണ്ടായി. കുപ്പക്കുഴിയിൽ എച്ചിലിനുവേണ്ടി ശ്വാക്കളുമായി മത്സരിക്കുന്ന മനുഷ്യപ്രേതങ്ങൾ ലക്ഷക്കണക്കിനില്ലേ നമ്മുടെ നാട്ടിൽ. സത്യസൗന്ദര്യങ്ങൾ തേടി ഭൂമി വിട്ട് ആകാശത്തേക്കുയരുന്ന ഒരു കവിയുടെ കൃത്രിമഭാവനയ്ക്ക് അവിടെ എന്തൊരു സ്ഥാനമാണുള്ളത്? എന്നിട്ടും കലയുടെ പേരിൽ നാം അരിശംകൊള്ളുന്നു; അതിന്റെ സുന്ദരരൂപത്തിന്, അതിന്റെ ആനന്ദധർമ്മത്തിന് ഉടവുതട്ടുന്നെന്നു പറഞ്ഞ്. അതു പ്രചാരണപരമാകാതെ കേവലാനന്ദലഹരിയുളവാക്കണംപോലും!



ടാഗോർ

'സകലപ്രയോജനമൗലാഭൂതം, സമനന്തരമേവര സാസ്വാദന സമുദ്ഭൂതം വിഗളിതവേദ്യാന്തരമാനന്ദം' എന്നു പ്രാചീനർ ആനന്ദത്തെ നിർവ്വചിച്ചിട്ടുണ്ട്. കഞ്ചാവിന്റെ ലഹരിയിൽ മയങ്ങിയിരിക്കുന്നതുപോലെ വിഗളിതവേദ്യാന്തരമായൊരാനന്ദത്തിലങ്ങനെ മുഴുകിയിരുന്നാൽ മതിയോ ഇന്ന്? അതുമാത്രമാണോ കലയുടെ പരമപ്രയോജനം? ഇങ്ങനെ വാദിക്കുന്നവർ ഗാന്ധിജിയുടെ അഭിപ്രായങ്ങൾക്കു വല്ല വിലയും കൽപിക്കുന്നുണ്ടോ ആവോ! "ദരിദ്രലക്ഷങ്ങൾക്കു പ്രയോജനപ്പെടാവുന്നതെന്തോ, അത് എന്റെ മനസ്സിനു സുന്ദരമാണ്... ജീവിതത്തിന് അത്യാവശ്യമായ സംഗതികൾ നമുക്ക് ആദ്യം കൊടുക്കാം. മറ്റുള്ള നന്മകളും അലങ്കാരങ്ങളും താനേ വന്നുകൊള്ളും. ബഹുലക്ഷങ്ങളോടു സംസാരിക്കാൻ കഴിയുന്ന കലയും സാഹിത്യവുമാണ് ഞാൻ ആവശ്യപ്പെടുന്നത്' എന്നദ്ദേഹം പറയുന്നു. ഗാന്ധിജി ഒരു ടാഗോർ അല്ലാത്തതുകൊണ്ട് ഇപ്പറഞ്ഞതൊക്കെ എത്രത്തോളം ശരിയാണെന്നു സംശയിക്കുന്നവരുണ്ടാകാം. ഏതായാലും മഹാത്മജി പറയുന്നതരത്തിലുള്ളൊരു സാഹിത്യം—ബഹുലക്ഷം ജനങ്ങളോടു സംസാരിക്കുന്ന, അവരുടെ യഥാർത്ഥരൂപം ചിത്രീകരിക്കുന്ന, ഒരു സാഹിത്യം—ഉണ്ടാകണമെങ്കിൽ ഒന്നാമതായി അതു റിയലിസ്റ്റിക് ആകണം.

(നിരീക്ഷണം 1948)

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), ‘ദാസ് ക്യാപിറ്റൽ’ മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.